## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4838 27/10/2016-ൽ മറുപടിയ്ക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സർക്കാർ സ്കൂളുകളിൽ ''ആശ്വാസ് പദ്ധതി'' നടപ്പിലാക്കുന്നതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) കല, കായികവിനോദം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് 'ആശ്വാസ്'. ആർട്സ് ഹബ്, വർക്ക്സെന്റർ, സ്പോർട്സ് ഹബ് എന്നിവയാണിതിന്റെ പ്രവർത്തന മേഖലകൾ. എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നതാണ് ആർട്സ് ഹബ് മുഖേന ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും, അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗപ്രദമായ ഭാവി കോഴ്സുകളും, ജോലികളും കണ്ടെത്തുന്നതിന് ആശ്വാസ് പദ്ധതിയുടെ ഭാഗമായ വർക്ക് സെന്റർ (തൊഴിലധിഷ്ഠിത കേന്ദ്രം) സഹായകരമാകുമെന്നാണ് കരുതിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനായി അവരുടെ കഴിവുകളെ കണ്ടെത്തുന്നതിനും, ജീവിതത്തെ പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സ് ഹബ് സഹായിക്കുമെന്നാണ് ആശ്വാസ് പദ്ധതിയിലൂടെ കരുതിയിട്ടുള്ളത്. |
| (ബി) | ഈ പദ്ധതി സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കിയോ എന്ന് വിശദമാക്കുമോ; | (ബി) നടപ്പിലാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഭരണതലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | 2014-15 സാമ്പത്തിക വർഷത്തിൽ 'ആശ്വാസ്' പദ്ധതി നടപ്പിലാക്കുന്നതിനായി 9 സർക്കാർ സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരുന്ന ഒറ്റത്തവണ അധിക കേന്ദ്രധനസഹായമായ 2 കോടി രൂപ ലഭിക്കാത്തിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ സാധിച്ചില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 'ആശ്വാസ്' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50000 രൂപ വീതം വിനിയോഗിച്ച് "ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ" എന്ന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ